# കരിമണൽ ഖനനം പ്രതിഷേധം ശക്തമാകുന്നു

ആലപ്പുഴ: ആറാട്ടുപുഴ മുതൽ തോട്ടപ്പള്ളി വരെയുള്ള കടൽതീരത്ത് സ്വകാര്യ കരിമണൽ ഖനനം നടത്താനുള്ള നീക്കത്തിനെതിരെ പ്രതിഷേധം ശക്തമായി. കൊച്ചി ആസ്ഥാനമായുള്ള ഒരു സ്വകാര്യ കമ്പനിയാണ് ഖനനത്തിനായി കേന്ദ്ര സർക്കാരിന്റേയും അറ്റോമിക് എനർജി കമ്മീഷന്റേയും അന്തിമ അനുമതി തേടി ഖനനത്തിനൊരുങ്ങുന്നത്. കേന്ദ്രസർക്കാരിന്റേയും അറ്റോമിക് എനർജി കമ്മീഷന്റേയും അനുമതി ഉള്ളതിനാൽ സംസ്ഥാനസർക്കാർ ഭൂമി വിട്ടുകൊടുക്കുമെന്നാണ് സൂചന.

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കരിമണൽ വേർതിരിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതിനായി കമ്പനി 67 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

തീരത്തെ കരിമണ്ണ് ട്രാക്ടർ ഉപയോഗിച്ച് കോരിയെടുക്കുന്ന ബീച്ച് വാഷ് മൈനിങ്ങും തീരം ആഴത്തിൽ കുഴിച്ച് ധാതുക്കൾ വേർതിരിച്ചെടുക്കുന്ന ഖനനവുമാണ് കമ്പനി ഇവിടെ നടത്താൻ പോകുന്നത്. കടലാക്രമണം ശക്തമായ തൃക്കുന്നപ്പുഴ- ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുകളുടെ നിലനില്പിനുതന്നെ ഇതു ഭീഷണിയാകുമെന്നു പറയുന്നു.

സമീപപ്രദേശങ്ങൾ സംരക്ഷിക്കാൻ നടപടിയുണ്ടാകുമെന്ന് കമ്പനി അധികൃതർ പറയുന്നുണ്ടെങ്കിലും ഇതു പ്രായോഗികമാകുമോ എന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നുണ്ട്.